# വിഡ്ഢികളുടെ സ്വർഗ്ഗം

സി. ജെ. തോമസ്



വിഡ്ഢികളുടെ സ്വർഗ്ഗം
സി. ജെ. തോമസ്
(മലയാളം: ലേഖനം)

© 2021, C. J. Thomas

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: August Augusta och lille Augustin, a painting by Dockteaterverkstan. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# വിഡ്ഢികളുടെ സ്വർഗ്ഗം

ഓരോന്നിനും ഓരോ ഉപന്യാസം അർഹിക്കുന്ന ആറു ചെറുകഥകൾ ഒരുമിച്ചു ചേർത്തതാണ് 'വിഡ്ഢികളുടെ സ്വർഗ്ഗം'. വിവിധ വിഷയങ്ങളെപ്പറ്റിയാണ് അവ പ്രതിപാദിക്കുന്നത്. എങ്കിലും അവയ്ക്കെല്ലാം പൊതുവായി ഒരു സവിശേഷതയുണ്ട്. അതു ശ്രീ. ബഷീറിന്റെ സ്വന്തമായ വീക്ഷണഗതിയാണ്. 'സ്വന്തമായ' എന്നു പറയാൻ കാരണമുണ്ട്. ഇന്നുവരെ അനേകം പേർ ലോകത്തിൽ ജീവിച്ചിട്ടുണ്ട്: ചിന്തിച്ചിട്ടുണ്ട്. അതിൽ കുറെയൊക്കെ ശ്രീ. ബഷീർ മനസ്സിലാക്കുകയും ചെയ്തു. എങ്കിലും, അതിൽ ഏതിന്റെയെങ്കിലും ഒരു കാർബൺ പതിപ്പ് വിഴുങ്ങുന്നതുകൊണ്ടു മാത്രം തൃപ്തിപ്പെടുന്ന ഒരു സ്വഭാവമല്ല ബഷീറിനുള്ളത്. ശരിയോ തെറ്റോ ആയിക്കൊള്ളട്ടെ, സ്വന്തം അനുഭവങ്ങൾ മറ്റുള്ളവരുടെ ചിന്താഗതിയോടു തട്ടിച്ചുനോക്കിയിട്ട് ലഭിക്കുന്ന ഒരു അനുമാനം മാത്രമേ ബഷീറിനു സ്വീകാര്യമാവൂ. അതൊന്നും ഒരു പുതിയ തത്ത്വശാസ്ത്രമാണെന്ന് ബഷീറിനു ഭാവവുമില്ല. അതുകൊണ്ടാണ് വീക്ഷണഗതി എന്നു പറയാനിടയായത്. ഈ ചിന്താഗതിയുടെ അടിസ്ഥാനക്കല്ല് വ്യക്തികൾക്കുണ്ടായിരിക്കേണ്ട ഉത്തരവാദബോധമാണ്. വ്യക്തി എന്നവാക്കു കേൾക്കുമ്പോഴേക്കും വിറളി പിടിക്കുന്നവർ ഇപ്പോൾ ബഷീറിന്റെ നേരേ വിരൽ ചൂണ്ടും. 'കണ്ടോ ഞാൻ പറഞ്ഞില്ലേ?' എന്ന സർവ്വജ്ഞഭാവത്തിൽ ചോദിക്കുകയും ചെയ്യും. ആ ബഹളത്തിന്റെയെല്ലാം സംഗ്രഹം ഇതാണ്; ബഷീർ സമുദായഘടനയെ കാണാത്ത ഒരു ഇൻഡിവിഡ്വലിസ്റ്റാണ്. സാമൂഹ്യഘടനയ്ക്കു വ്യക്തികളുടെ സ്വഭാവരൂപീകരണത്തിൽ ഉള്ള പങ്ക് അദ്ദേഹം അറിയായ്കയല്ല; അംഗീകരിക്കായ്കയുമല്ല. എന്നാൽ, സ്വന്തമായി വ്യക്തിയായ മനുഷ്യൻ കാണിച്ചുകൂട്ടുന്ന തെറ്റുകൾക്കെല്ലാം സാമൂഹ്യഘടനയുടെമേൽ ഉത്തരവാദിത്വം വെച്ചുകെട്ടുന്ന ഏർപ്പാട് അദ്ദേഹം വെറുക്കുന്നുവെന്നു മാത്രം. സാമൂഹ്യഘടന മാറാതെതന്നെ, ഇന്നത്തെ മനുഷ്യൻ കുറേക്കൂടി ഹൃദയാലുത്വത്തോടുകൂടി പ്രവർത്തിച്ചാൽ, ലോകം കുറേക്കൂടി സഹനീയമായിത്തീരും എന്നു ബഷീർ വിശ്വസിക്കുന്നു. അനേകമായ അദ്ദേഹത്തിന്റെ അനുഭവങ്ങൾ അദ്ദേഹത്തെ അതാണ് പഠിപ്പിച്ചത്. 1931-ലെ നിയമലംഘന പ്രസ്ഥാനവും, രക്തലേഖനക്കേസും, തിരുവിതാംകൂർ സമരവും എല്ലാം കഴിഞ്ഞ്, അധികാരത്തിൽ കയറിയ കോൺഗ്രസ്സുകാരനേയും മാക്സിം ഗോർക്കിയെ പിടിച്ചാണയിട്ടു കേശവദേവിനെ വഞ്ചകൻ എന്നു വിളിക്കുന്ന കമ്മ്യൂണിസ്റ്റിനേയും കാണുമ്പോൾ ബഷീറിനു തോന്നിപ്പോകയാണ്, മനുഷ്യൻ വ്യക്തിയായിട്ടുകൂടി അല്പമൊന്നു നന്നായേ തീരു എന്ന്. ഈ വീക്ഷണമാണ് 'വിഡ്ഢികളുടെസ്വർഗ്ഗ'ത്തിന്റെ പുറകിൽ ഉള്ളത്. നിങ്ങൾ അതിനെ ഒരു മതഭ്രാന്തെന്നു വേണമെങ്കിൽ വിളിച്ചുകൊള്ളു. ബഷീർ അത്തരം പദക്കസർത്തുകളിൽ വിശ്വസിക്കുന്നില്ല. വിവരമില്ലാത്തവൻ അഭിപ്രായം പറയുന്നതു കേട്ടാൽ ക്ഷോഭിക്കാതിരിക്കാൻ മാത്രം ബഷീർ പാകംവന്നിട്ടുണ്ട്. തന്റെ ചുറ്റുമുള്ളവരിൽ ഒരു നല്ല പങ്ക് വിഡ്ഢികളുടെ സ്വർഗ്ഗത്തിലാണ് ജീവിക്കുന്നതെന്നും അദ്ദേഹത്തിന്നഭിപ്രായമുണ്ട്. വിഡ്ഢികളുടെ സ്വർഗ്ഗമെന്ന ആ കഥയിലെ സ്നേഹിതന്മാരെ നോക്കുക. അവിവാഹിതന്മാരുടെ ഏതു ലോഡ്ജിലും കാണാൻ കഴിയും അത്തരം തത്ത വളർത്തുകാരെ. അവർ സൃഷ്ടിക്കാത്തതോ അവർ വിശ്വസിക്കാത്തതോ ആയ ഒരു സദാചാരസ്വർഗ്ഗത്തിലാണവർ ജീവിക്കുന്നത്. ആഗ്രഹങ്ങളെ ഒതുക്കി കപടവേഷവുമണിഞ്ഞ് അങ്ങിനെ ആചാരപ്പാവകളായി കഴിയുകയാണവർ. മറുവശവും ബഷീറിനെ ആകർഷിക്കുന്നില്ല. ബഷീറിന്റെ നായകൻ ആ പാഴ്ക്കടിലിൽനിന്ന് ഓടുകയാണ്. ശ്രീ. പൊൻകുന്നത്തിന്റെ കഥാപാത്രത്തെപ്പോലെ രോഗം ഭയപ്പെട്ടല്ല; ആ വിളറിയ പിഞ്ചുപൈതങ്ങളുടെ കാഴ്ച കണ്ടു ഹൃദയം നൊന്തിട്ട്. ഈ രണ്ടു അനുഭവങ്ങൾകൊണ്ടു ബഷീറിനു ഒന്നു പറയാനുണ്ട്. ഇന്നു ലൈംഗിക സദാചാരത്തെപ്പറ്റിയുള്ള രണ്ടു ചിന്താഗതികളും അതിനെ പ്രേതത്തെപ്പോലെ ഭയപ്പെട്ടു വികാരങ്ങൾ അമർത്തുന്ന മഠത്തിലെ ഏർപ്പാടും, അതിനെ വെറും മൃഗീയഭോഗലോലുപതയായി തരം താഴ്ത്തുന്നതും തെറ്റാണെന്ന്. അഥവാ ഈ വിഷയത്തിൽ നാം ഒരു വിഡ്ഢികളുടെ സ്വർഗ്ഗത്തിലാണ് കഴിയുന്നതെന്ന്.

രണ്ടാമത്തെ കഥയായ 'പൂവമ്പഴം' ശക്തിയായ ആക്ഷേപത്തെ ക്ഷണിച്ചുവരുത്തുന്ന ഒന്നാണ്. ബഷീറിനെ പിന്തിരിപ്പൻ മുദ്രയടിച്ചേ അടങ്ങു എന്ന് വ്രതമെടുത്തിട്ടുള്ളവരുണ്ടെങ്കിൽ ഇതാ ഒരു കരുക്കുടി. ബഷീർ സ്ത്രീയെ അധിക്ഷേപിക്കുന്നു. അബ്ദുൽ കാദർ സാഹിബ് അല്പം ബലപ്രയോഗം ചെയ്യുമ്പോൾ മാത്രമേ ജമീലബീബി ചാപല്യങ്ങൾ കളഞ്ഞ് ഒരു ഭാര്യയായിത്തീരുന്നുള്ളു. മാസോക്കിസത്തിന്റെ ഒരുദാഹരണമായിട്ടും മറ്റും ശ്രീ. ബഷീർ ഈകഥ ഉദ്ദേശിച്ചിട്ടുണ്ടെന്ന് എനിക്ക് തോന്നുന്നില്ല. സ്ത്രീയും പുരുഷനും സമമായിരിക്കുന്നതിൽ ബഷീറിന് വിരോധമില്ല. പക്ഷേ, ഇന്ന്, യുഗയുഗാന്തരങ്ങളായിട്ടുള്ള പുരുഷമേധാവിത്വത്തിന്റെ ഫലമായി സ്ത്രീയുടെ തലയിൽ നിലാവ് മാത്രമാണ് ഉള്ളത്. ജമീലബീബി ഒരു 'സൊസൈറ്റി ലേഡി'യാണ്. മറ്റു സൊസൈറ്റി ലേഡികളെപ്പോലെ അവരും ഒരു ചിത്രശലഭമാണ്. അവർക്ക് ഒരു പരിവർത്തനം വരുത്തുവാനുള്ള കഷായമാണ് ബഷീറും അബ്ദുൽ കാദർ സാഹിബും കൂടി കൊടുക്കുന്നത്. അതിൽ നാം തലയിടേണ്ട. ഏതു വിവാഹത്തിലും അത്തരമൊരു ചെറിയ സമരം ഒളിഞ്ഞുകിടപ്പുണ്ട്. രണ്ടു വ്യക്തികളുടെ വ്യക്തിത്വം തമ്മിൽ അലിഞ്ഞു ചേരുന്നതിനുമുമ്പായി നടക്കേണ്ട ഒരു സംഘട്ടനമാണിത്. അതു കഴിഞ്ഞു അവർ വിവാഹമോചനം നടത്തിയെന്നോ ആരെങ്കിലും മറ്റേയാളിന്റെ അടിമയായിത്തീർന്നുവെന്നോ അല്ല ബഷീർ പറയുന്നത്; ജമീലബീബി അഞ്ചെട്ടു പെറ്റുവെന്നാണ്. ചുരുക്കിപ്പറഞ്ഞാൽ, അവളുടെ പണത്തിലും യത്നത്തിലും ഭ്രമിച്ച ഒരു 'തുപ്പലുവിഴുങ്ങി'യെയായിരുന്നില്ല ജമീലബിബിക്കാവശ്യം. അവളെ പിടിച്ചടക്കാൻ കഴിവുള്ള, തന്റേടമുള്ള ഒരു ഭർത്താവിനെയായിരുന്നു. അങ്ങിനെ അവർ രണ്ടുപേരുടേയും വ്യക്തിത്വം പൂർണ്ണത പ്രാപിച്ചുകൊണ്ട് തന്നെ അവർ യോജിച്ചു. അങ്ങിനെ 'ശുഭ'മെഴുതുകയും ചെയ്തു.

ഈ ലക്ഷ്യത്തോടുകൂടിത്തന്നെയാണ് 'ആദ്യത്തെ ചുംബന'മെന്ന കഥയും എഴുതിയിട്ടുള്ളത്. ജീവിതം സുഖകരമാകണമെങ്കിൽ ചില വിശ്വാസങ്ങളെല്ലാം വേണം. പല വാലുപോയ കുറുക്കന്മാരും ലോകത്തുള്ള പെണ്ണുങ്ങളെല്ലാം വേശ്യകളാണെന്ന് (സ്വന്തം ഭാര്യയൊഴിച്ച്) സ്ഥാപിക്കാൻ ഫ്രയിഡിനെയോ മറ്റോ തേടിപ്പോകുന്നത് കാണാം. ഫിസിക്സ്, കെമിസ്ട്രി മുതലായ ശാസ്ത്രങ്ങളും വെളിച്ചത്തിൽ നോക്കിയാൽ ഒരു ചുംബനത്തിലെന്താണുള്ളത് ഇത്ര നിരർത്ഥകമായിട്ടും കോടാനുകോടി മനുഷ്യർ അതിനുവേണ്ടി എന്തപമാനവും സഹിക്കാൻ തയ്യാറാകുന്നുണ്ട്. അപ്പോൾ അതിലെന്തോ ഒരു സുഖമുണ്ടായിരിക്കണം. അങ്ങിനെ, ലഭിച്ച ഒന്ന് പ്രഥമമല്ല, ദ്വിതീയമാണ് എന്ന് സ്ഥാപിക്കുന്നതുകൊണ്ട് അയാൾക്കോ ലോകത്തിനോ എന്തു പ്രയോജനമാണുണ്ടാകുന്നത്? അപവാദം "മുഴുവൻ സമയ പ്രവർത്തനമാക്കി"ക്കൊണ്ടു നടക്കുന്നവരെ ഒന്ന് മുഖത്തു തൊഴിച്ചുവിടുകയാണ് ശ്രീ. ബഷീർ ഈ കഥകൊണ്ട് ചെയ്യുന്നത്.

താനും രക്തലേഖനക്കേസിലെ പ്രതിയാണെന്നു സ്ഥാപിച്ച് രണ്ടേക്കർ വനം യാതനയ്ക്ക് പ്രതിഫലമായി പറ്റാൻ വേണ്ടിയല്ല ബഷീർ ആ കടൽപുറത്തെ കഥ എഴുതിയിരിക്കുന്നത്. പ്രേതകഥകളോടുള്ള മമതകൊണ്ടുമല്ല. അതിവിരുദ്ധമെന്ന് കരുതപ്പെടുന്ന രണ്ടു വികാരങ്ങൾ കാമവും രാഷ്ട്രീയബോധവും, ഒരേ ഹൃദയത്തിന്റെ കോളിളക്കത്തിൽനിന്ന് ഒരു സമയത്ത് കൂട്ടിക്കുഴഞ്ഞു പുറത്തുവരുന്നതാണെന്ന് ആ കഥയിൽനിന്ന് കാണാം. മനുഷ്യമനസ്സിന്റെ ഗൂഢപ്രവർത്തനങ്ങളിലേയ്ക്ക് ഒന്നെത്തിച്ചുനോക്കാനുള്ള ഒരു പരിശ്രമമാണ് ഈ കഥയിൽ കാണുന്നത്. ആ സമുദ്രത്തിൽ നിന്നു കയറിവന്ന സ്ത്രീരൂപത്തെപോലെ ഒരു വ്യാമോഹമാണ് രാഷ്ട്രീയപരിപാടികൾ എന്ന് ബഷറിന് തോന്നിയിട്ടുണ്ടെങ്കിലും അത്ഭുതപ്പെടേണ്ട. അനുഭവങ്ങൾ അത്രയധികം വേദനാകരമായിരുന്നിട്ടുണ്ട്.

അവസാനത്തെ രണ്ടു കഥകളും വ്യക്തികളുടെ ചിത്രീകരണങ്ങളാണ്. ഓരോന്നിലും ഈ രണ്ടു വ്യക്തികളുണ്ട്. ധീരനും സത്യസന്ധനുമായ ഒരു രാഷ്ട്രീയപ്രവർത്തകന്റെ കാല്പാട് ബഷീറിന്റെ മുമ്പിൽ തെളിഞ്ഞുമിന്നുകയാണ്. ആ രാഷ്ട്രീയപ്രവർത്തകന് രാഷ്ട്രീയകാര്യം ഒരു ചാണക്യസൂത്രമല്ല, ഒരു ആദർശമാണ്. അദ്ദേഹത്തിന്റെ മരണവാർത്ത കേട്ടപ്പോൾ ബഷീർ ആ കാല്പാടിനു രൂപംകൊടുത്തുവെന്നു മാത്രം. ഒഴിഞ്ഞ വീട്ടിൽ താമസിക്കുന്ന ആ അസ്ഥിപഞ്ജരം ബഷീറാണെന്നു തോന്നുന്നു. ജീവിച്ചിരിക്കുന്ന കാലത്ത് അരിക്കുവേണ്ടി പുസ്തകക്കച്ചവടക്കാരനായിത്തീരുന്ന കലാകാരൻ. മരണാനന്തരം ലഭിക്കുന്ന സ്മാരകങ്ങളെപ്പറ്റി ബഷീറിനു ബഹുമാനമില്ല. പച്ചച്ചിരിക്കാരായ ആരാധകന്മാരേയും അദ്ദേഹത്തിനു പൊറുത്തുകൂടാ. അവർക്കുവേണ്ടിയാണ് ആ ചുവന്ന അക്ഷരങ്ങളിൽ അപേക്ഷ എഴുതിവെച്ചിരിക്കുന്നത്. ആ കലാകാരൻ മനുഷ്യരെ സ്നേഹിക്കുന്നുണ്ട്. പക്ഷേ, വളരെ അധികംനേരം അവരെ കണ്ടുകൂടാ. ആ കാപട്യവും, ക്രൂരതയും, ഇനി എല്ലാം അദ്ദേഹത്തെ ക്ഷോഭിപ്പിക്കും. ഉടനെ അദ്ദേഹം ഓടുകയായി, ഏകാന്തതയന്വേഷിച്ച്. അങ്ങിനെ കുറെനേരം കഴിയുമ്പോൾ പിന്നീടും ക്ഷമാശക്തിയുണ്ടാവും. അല്ലെങ്കിൽ, മനുഷ്യവിദ്വേഷിയായിത്തീരും. ആ അസ്ഥിപഞ്ജരം ബഷിറിനുവേണ്ടി നിങ്ങളോട് അഭ്യർത്ഥിക്കുകയാണ്, 'എന്റെ കഴിവനുസരിച്ച് ഞാൻ നിങ്ങൾക്കു വേണ്ടി പ്രവർത്തിക്കാം, ഞാൻ നിങ്ങളെ ഉപദ്രവിക്കുകയില്ല, എന്നെ വെറുതേ ഉപദ്രവിക്കരുതേ.' ഒരു കലാകാരൻ സ്വന്തം മേൽവിലാസമുണ്ടായിക്കൂടാ എന്നു വിധിക്കുന്നവർ ഇതിനോടും പ്രതിഷേധിച്ചേക്കും. അതുകൊണ്ടെന്ത്? പട്ടി കുരച്ചാലും യാത്രാസംഘം കടന്നുപോകും. വായിച്ചേ തീരു എന്നു തീർത്തുപറയേണ്ട ഒരു കഥാസമാഹാരമാണ് വിഡ്ഢികളുടെ സ്വർഗ്ഗം, അതു ബഷീറിനെ വിമർശിക്കാനാണെങ്കിൽകൂടി. പറയുന്നതെന്താണെന്നു മനസ്സിലാക്കിയിട്ട് കുറ്റം പറയുകയാണല്ലോ സൗകര്യം.

വിലയിരുത്തൽ 1951.

□

# സി. ജെ. തോമസ്



മലയാളഭാഷയിലെ ഒരു നാടകകൃത്തും സാഹിത്യ നിരൂപകനുമായിരുന്ന സി. ജെ. തോമസ് (നവംബർ 14, 1918–ജൂലൈ 14, 1960) എന്നറിയപ്പെടുന്ന ചൊള്ളമ്പേൽ യോഹന്നാൻ തോമസ്. മലയാള നാടകസാഹിത്യത്തെ ആധുനിക ഘട്ടത്തിലെത്തിക്കുന്നതിൽ നിർണ്ണായക പങ്ക് വഹിച്ച ഇദ്ദേഹം പത്രപ്രവർത്തകൻ, ചിത്രകാരൻ എന്നീ നിലകളിലും അറിയപ്പെട്ടിരുന്നു.

1918-ൽ കുത്താട്ടുകുളത്തെ പ്രമുഖ ക്രിസ്തീയ വൈദികന്റെ മകനായി ജനിച്ച സി. ജെ. വൈദിക വിദ്യാർത്ഥിയായിരിക്കുന്ന സമയത്ത് ളോഹ ഉപേക്ഷിച്ച് തിരിച്ചുപോന്ന് വിപ്ലവം സൃഷ്ടിച്ചു. രണ്ട് വർഷക്കാലം വടകര സെന്റ് ജോൺസ് ഹൈസ്കൂളിലും തുടർന്ന് എം. പി. പോൾസ് കോളേജിലും അധ്യാപകനായി ജോലിനോക്കിയിരുന്ന അദ്ദേഹം പിന്നീട് അവസാനം വരെ പത്രപ്രവർത്തനരംഗത്ത് സജീവമായിരുന്നു. സാഹിത്യ പ്രവർത്തക സഹകരണസംഘം, ആകാശവാണി, ദക്ഷിണഭാഷാ ബുക്ക് ട്രസ്റ്റ് എന്നിവയിലും പ്രവർത്തിച്ചു.

സാഹിത്യ പ്രവർത്തക സഹകരണസംഘം വക പുസ്തകങ്ങളുടെ പുറംചട്ടകൾക്ക് അത്യധികം ആകർഷകങ്ങളായ ചിത്രങ്ങൾ വരച്ച് മലയാള പുസ്തകങ്ങളുടെ പുറംചട്ടരൂപകല്പനയുടെ രംഗത്ത് മാറ്റങ്ങളുടെ തുടക്കം കുറിച്ചത് സി. ജെ.-യാണ്.

പ്രസിദ്ധ സാഹിത്യകാരനായിരുന്ന എം. പി. പോളിന്റെ മൂത്ത പുത്രി റോസിയെയാണ് വിവാഹം ചെയ്തത്. റോസി തോമസ് സി. ജെ.-യുടെ മരണശേഷം അറിയപ്പെട്ടുന്ന സാഹിത്യകാരിയായി.

പ്രശസ്ത കവയിത്രി മേരി ജോൺ കുത്താട്ടുകുളം സി. ജെ. തോമസിന്റെ മൂത്ത സഹോദരിയായിരുന്നു. 1960 ജൂലൈ 14-ന് 42-ാം വയസ്സിൽ സി. ജെ. അന്തരിച്ചു.

RIVER VALLEY
DIGITAL LIBARY
*empowering the author ...*

- “റിവർ വാലി പ്രസ്” എന്ന ലേബലിൽ, സായാഹ്ന ആറു മാസത്തിലൊരിക്കൽ മുൻനിര എഴുത്തുകാരുടെ ഇരുപതു് പുസ്തകങ്ങൾ വീതം ഡിജിറ്റൽ പ്രസാധനം നടത്തുന്നു. ഈ സേവനത്തിന്റെ വാർഷിക വരിസംഖ്യ:

| രാജ്യം | കറൻസി | വരിസംഖ്യ |
|---|---|---|
| ഇന്ത്യ<br>(119 വീതം ആറു മാസത്തിലൊരിക്കൽ) | രൂപ | 238 |
| യുഎസ്, കാനഡ | യുഎസ് ഡോളർ | 10 |
| യൂറോപ് | യൂറോ | 10 |
| മറ്റു വികസിത രാഷ്ട്രങ്ങൾ | യുഎസ് ഡോളർ | 10 |
| ഖത്തർ | റിയാൽ | 20 |
| യുഎഇ | ദിർഹം | 20 |
| സൗദി അറേബ്യ | റിയാൽ | 20 |
| കുവൈറ്റ് | ദിനാർ | 2 |
| ഒമാൻ | ദിനാർ | 2 |
| ബഹ്റിൻ | ദിനാർ | 2 |
| മലേഷ്യ | റിങ്കിറ്റ് | 25 |

- പ്രസാധകരുടെ നിരന്തരചൂഷണത്തിനു വിധേയരായിക്കൊണ്ടിരിക്കുന്ന എഴുത്തുകാരെ ശക്തിപ്പെടുത്തുക, നല്ല വായനാവിഭവങ്ങൾ ചെറുതുകയ്ക്കു വായനക്കാർക്കു ലഭ്യമാക്കുക, ഇന്റർനെറ്റിനെയും സാങ്കേതിക മുന്നേറ്റത്തെയും സാംസ്കാരികവളർച്ചയ്ക്കു് ഉപയോഗിക്കുക എന്നിവയാണു് പ്രധാനലക്ഷ്യങ്ങൾ.
- എല്ലാതരം സ്മാർട്ട്ഫോണുകളിലും വായിക്കുവാൻ പറ്റിയ തരത്തിലാണു് ഉള്ളടക്കം ലഭ്യമാക്കുക.
- ഈ പദ്ധതിയിൽ താല്പര്യം തോന്നുന്നുവെങ്കിൽ ഇവിടെ രജിസ്റ്റർ ചെയ്യുക. (രജിസ്റ്റർ ചെയ്യുമ്പോൾ പണം/കാർഡ് വിവരങ്ങൾ നല്കേണ്ടതില്ല.)
- കുടുംബാംഗങ്ങൾക്ക്/സുഹൃത്തുക്കൾക്ക് സമ്മാനം രജിസ്റ്റർ ചെയ്യുക.
- കൂടുതൽ വിവരങ്ങൾ അറിയാൻ:
  1. ഡിജിറ്റൽ പ്രസാധനനയം
  2. സായാഹ്നയെക്കുറിച്ച് അറിയുക
  3. Who’s who
  4. സായാഹ്ന ഫോൺ പിഡിഎഫുകൾ
  5. സായാഹ്ന ഗ്രന്ഥശേഖരം
  6. സായാഹ്ന വിക്കി
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കു് അയയ്ക്കുക.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014